<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 385</u> <u>08-08-2023 - ൽ മറുപടിയ്ക്ക്</u>

<u>വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് വർദ്ധന</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വീട് വയ്ക്കുന്നതിന് പെർമിറ്റ് എടുക്കുന്നതിനുള്ള അപേക്ഷാ ഫീസും, അതിനൊപ്പം അടയ്ക്കേണ്ട പെർമിറ്റ് ഫീസും ഭീമമായി വർധിപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കുകയും നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. അപ്രകാരം സേവനങ്ങൾ നൽകുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ചെലവും പലമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 20 വർഷത്തിനിടയിൽ പെർമിറ്റ് ഫീസിൽ വന്നിട്ടുള്ള വർദ്ധനവ് വളരെ നാമമാത്രമാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കുന്നതിലേക്കായി വിവിധ വകുപ്പുകളുടെ ക്ലിയറൻസിനായി അതാത് വകുപ്പുകൾ ഈടാക്കുന്ന തുക താരതമ്യപ്പെടുത്തുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന പെർമിറ്റ് ഫീസ് വളരെ കുറവാണ്. കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി തനതുഫണ്ട് വർദ്ധിപ്പിക്കേണ്ടതുമുണ്ട്. ടി സാഹചര്യത്തിലാണ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന പെർമിറ്റ് ഫീസ് സർക്കാർ കാലോചിതമായി പരിഷ്കരിച്ചത്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലം വീട് വയ്ക്കാനുള്ള ചെലവ് വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ അപേക്ഷാ ഫീസും, പെർമിറ്റ് ഫീസും ഭീമമായി വർദ്ധിപ്പിച്ചത് ജനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | അപേക്ഷാ ഫീസിലും, പെർമിറ്റ് ഫീസിലും വരുത്തിയ വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ